**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **23-08-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുണ്ടറ മണ്ഡലത്തിലെ ഇളമ്പള്ളൂർ, പെരിനാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിൽ ഇളമ്പള്ളൂർ കുടുംബാ രോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു. നെറ്റ് വർക്കിംഗ്, ഹാർഡ്‌വെയർ, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക്, പെരിനാട് കുടുംബാരോഗ്യ കേന്ദ്രത്തിലും ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭി ക്കുന്നതാണ്. |
| (ബി) | ഇ-ഹെൽത്ത് പദ്ധതികൾക്കായി കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും, തുക അനുവദിച്ച് കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ബി) | കുണ്ടറ മണ്ഡലത്തിലെ ഇളമ്പള്ളൂർ, പെരിനാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന് ഓരോ കുടംബരോഗ്യകേന്ദ്ര ത്തിനും പരമാവധി 20 ലക്ഷം രൂപ ചിലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>ഓരോ ആശുപത്രികളുടെയും വലുപ്പം, പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകി വരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികൾക്ക് ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്കും നടത്തിപ്പിനുള്ള ഫണ്ട് (സർക്കാർ ഫണ്ട്, എം.എൽ.എ. ഫണ്ട്, L.S.G. ഫണ്ട്) എന്നിവയും ലഭ്യമാകുന്ന മുറക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിന് പ്രാ ഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 (ഒരു കോടി എൺപത്തിയഞ്ച് ലക്ഷം രൂപ) കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ